# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *194

17-02-2016-ൽ മറുപടിക്ക്

### വ്യവസായ സംരംഭകത്വ സംസ്കാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ.എം.ആരീഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) വ്യവസായ വികസനം സാധ്യമാകുന്നതിന് അനുകൂലമായ എന്തെല്ലാം സാഹചര്യങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;<br><br>(ബി) പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ളവയുടെ നിലവാരം ഉയർത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ ; | (എ) & (ബി) വ്യവസായ വികസനം സാദ്ധ്യമാക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പിന്റെ വിവിധ ഏജൻസികളായ കെ.എസ്.ഐ.ഡി.സി., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) വ്യവസായ സംരംഭകത്വ സംസ്കാരം സൃഷ്ടിക്കുന്നതിലും, സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ചകൾ പരിശോധിച്ചിട്ടുണ്ടോ ; | (സി) ഇത്തരത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. |
| (ഡി) സംരംഭകത്വത്തെ വളർത്തിയെടുക്കാൻ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുകയുണ്ടായോ ; ഇനിയും സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ലാത്തവയുടെ നിജസ്ഥിതി വെളിപ്പെടുത്താമോ ? | (ഡി) പ്രഖ്യാപിച്ച ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതികൾ സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കെ.എസ്.ഐ.ഡി.സി.

- കേരളത്തിലെ നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിന് എമർജിങ് കേരള സംഘടിപ്പിച്ചു.
- വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡ്, ഇൻവെസ്റ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് എന്നിവ രൂപീരിച്ചു.
- വൻകിട വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമിയും, ധനവായ്പയും, വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലീയറൻസുകളും ലഭ്യമാക്കി വരുന്നു.
- വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വി മിഷൻ കേരളയ്ക്ക് രൂപം കൊടുത്തു.
- കൊച്ചിയിൽ വനിതസംരംഭകത്വ സമ്മേളനം (WE Summit 2015, WE CAN - Women Entrepreneurs Collaborating and Networking) സംഘടിപ്പിച്ചു.
- യുവ സംരംഭക സംഗമം 2014 (YES) സംഘടിപ്പിച്ചു.
- യെസ് ക്യാൻ 2015 സംഗമം യുവസംരംഭകർക്കായി സംഘടിപ്പിച്ചിച്ചു.
- ചേർത്തല വ്യവസായ പാർക്കിൽ 130 കോടി രൂപ ചെലവിട്ട് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടി.
- കണ്ണൂർ വ്യവസായ പാർക്കിൽ 13 കോടി രൂപ ചെലവിൽ 110 കെ.വി സബ്സ്റ്റേഷൻ.
- കോഴിക്കോട് വ്യവസായ പാർക്കിൽ 14 കോടി രൂപ ചെലവിൽ എസ്.ഡി.എഫ് ബിൽഡിങ്ങ്, 6.00 കോടി രൂപ ചെലവവിൽ 110 കെ.വി സബ്സ്റ്റേഷൻ.
- പാലക്കാട് വ്യവസായ പാർക്കിൽ 14.5 കോടി രൂപ ചെലവിട്ട് എസ്.ഡി.എഫ് ബിൽഡിങ്ങ്.
- തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ 13.00 കോടിയോളം രുപ ചെലവിൽ റോഡ്, ജലസംഭരണി എന്നിവ.

## കിൻഫ്ര

- ജലം, വൈദ്യുതി, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ തയ്യാറാക്കി സംരംഭകർക്ക് നൽകുന്നു.
- ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതിന് സംരംഭകർക്ക് അനുമതികൾ നൽകുന്നു.

## വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

## I. ചെറുകിട വ്യവസായങ്ങൾ

- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം.
- നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് / പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം
- നിലവിലുള്ള പൊതു സൗകര്യസേവന കേന്ദ്രങ്ങളുടെ നവീകരണം
- വ്യവസായ പാർക്കുകൾക്കായി സ്ഥലം എടുക്കൽ
- വൈദഗ്ദ്ധ്യ വികസന പരിപാടി
- സംരംഭകർക്കു പരിശീലനം
- നിർവ്വഹണോദ്യോഗസ്ഥർക്കുള്ള പരിശീലനം
- സംരംഭകത്വ സഹായ പദ്ധതി
- ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടി (20% സംസ്ഥാന വിഹിതം)
- നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് / പ്രദേശങ്ങളുടെ നവീകരണം
- ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം
- സെൻസസിനു വേണ്ടി ന്യൂക്ലിയസ് സെൽ
- എൻ.സി.എച്ച്.സി മുഖാന്തരം ഭക്ഷ്യ സുരക്ഷ സംവിധാനം, പുതിയ വ്യാപാര വികസന കേന്ദ്രങ്ങൾ, പുതിയ പദ്ധതികൾ.
- യുവ സംരഭകർക്ക് ധനസഹായം
- പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്റ്റാർട്ടപ്പ് സബ്സിഡി

## II. വാണിജ്യം

### വാണിജ്യ വികസനം

- മേഖലയുടെ വികസനത്തിനായി വിശദമായ പഠനങ്ങൾ നടത്തുക.
- വാണിജ്യ മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ തരത്തിൽ ഗവേഷണ പഠനം തുടങ്ങുക;
- അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ കണ്ടെത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക;
- സുസ്ഥിരമായ വാണിജ്യ വികസനത്തിനാവശ്യമായ ഒരു ദീർഘകാല നയരേഖ രൂപപ്പെടുത്തുക.
- പുറത്തുള്ള വിപണികണ്ടെത്തുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുക.
- ദേശീയ - അന്തർദേശീയ ട്രേഡ് ഫെയർ എക്സിബിഷൻ എന്നിവയിൽ പങ്കെടുക്കുക.

- ദേശീയ - അന്തർദേശീയ ട്രേഡ് ഫെയർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുക.
- മികച്ച കയറ്റുമതിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുക.
- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലെ ഉത്പന്നങ്ങൾ വാണിജ്യവൽക്കരിക്കുക.
- വ്യാപാരമേളകൾ (B2B) സംഘടിപ്പിക്കുക.

## III. കരകൗശല വ്യവസായങ്ങൾ

- കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം
- കരകൗശല മേഖലയിലെ പൊതു സൗകര്യ കേന്ദ്രങ്ങൾ
- കരകൗശല തൊഴിലാളിക്ക് സഹായം
- പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ
- മുള വ്യവസായ വികസനം

**ഈ പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് പരിപാടികൾ താഴെപ്പറയുന്നവയാണ്**

- മുള-സംഗീതം, കല എന്നിവയുടെ പ്രോത്സാഹനം, സംസ്ഥാനത്തിന കത്തുള്ള മറ്റ് പ്രോത്സാഹന പരിപാടികൾ
- അന്താരാഷ്ട്ര പങ്കാളിത്തത്തോടെ "കേരള ബാംബൂ ഫെസ്റ്റ്"
- പട്ടികജാതി / പട്ടികവർഗ്ഗത്തിൽ നിന്ന് 100 പേർ ഉൾപ്പെടെ, 200 കലാകാരൻമാർക്ക് ട്രെയിനിങ് സംഘടിപ്പിക്കുക
- മുന്തിയ ഡിസൈനിലുള്ള ഉപഹാരം വികസിപ്പിക്കുക, വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക, ഉത്പന്നങ്ങളുടെ പട്ടിക നിർമ്മിക്കുക, ഉത്പന്നങ്ങളുടെ വിവരണപട്ടിക തയ്യാറാക്കുക, മാനുവൽ തയ്യാറാക്കുക
- മുള നാരിന്റെ ഉപയോഗം സംബന്ധിച്ച പഠനം നടത്തുക, ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക
- മുളയിൽ നിന്നും സംഗീത ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുക

സെക്ഷൻ ഓഫീസർ